# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 മാർച്ച് 12, തിങ്കൾ

**നമ്പർ 112**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

കശുവണ്ടി വികസന കോർപ്പറേഷന്റെയും, കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികളും, സ്വകാര്യ കാഷ്യു ഫാക്ടറികളും പ്രവർത്തിക്കാത്തതു കാരണം തൊഴിലാളികൾ പട്ടിണിയിലും ദുരിതത്തിലുമായതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. അടൂർ പ്രകാശും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ബി.ജെ.പി. ഒഴികെയുള്ള പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ കയർ മേഖലയുടെ ഉന്നമനത്തിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ആർ. രാമചന്ദ്രൻ ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ ഇതര സംസ്ഥാനത്തൊഴിലാളികളുടെ സമഗ്ര ക്ഷേമം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 807/2018 (i).

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | സർവ്വീസ് പെൻഷൻകാർക്കും ഫാമിലി പെൻഷൻ കാർക്കുമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. ആൻസലൻ | നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. സി. ജോസഫ് | ചീമേനിയിലെ നാലിലക്കണ്ടം ഗവ.യു.പി.സ്കൂളിലെ അദ്ധ്യാപകൻ രമേശന്റെ മരണം | മുഖ്യമന്ത്രി |
| 4 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | നിയമവിദ്യാർത്ഥിനിയെ ഓട്ടോ ഡ്രൈവർ മർദ്ദിച്ചത് | മുഖ്യമന്ത്രി |
| 5 | ശ്രീ. സി. കെ. ഹരീന്ദ്രൻ | കള്ളിക്കാട്, അമ്പൂരി ഗ്രാമപഞ്ചായത്തുകളിലെ അഞ്ചുചങ്ങല പ്രദേശനിവാസി കൾക്ക് പട്ടയ വിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ഇ. കെ. വിജയൻ | നാദാപുരം താലൂക്ക് ആശുപത്രി യുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 7 | ശ്രീ. എൻ. ഷംസുദ്ദീൻ | ആലനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. ആർ. രാജേഷ് | കായംകുളം-പുനലൂർ റോഡിന്റെ വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. മുരളി പെരുനെല്ലി | തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 10 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരെ ടീച്ചിംഗ് ജോലിയിൽനിന്ന് ഒഴിവാക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്തുവച്ചകടലാസ് :

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് മേശപ്പുറത്തുവച്ചു

റിപ്പോർട്ടുകളുടെ സമർപ്പണം :

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത്തെയും അഞ്ചാമത്തെയും റിപ്പോർട്ടുകൾ സമർപ്പിച്ചു.

ധനകാര്യം :

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV- ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തു വച്ചു.

XXII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 9, 12, 13, 14, 15, 16, 17, 19, 22, 23, 24, 25, 28 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2,5, 7, 8, 9, 10, 11, 12, 13,15, 17, 18, 19, 20, 21, 22, 24, 26 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXVI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 8, 11, 14, 15, 18, 19, 22, 24, 25 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. കെ. സി. ജോസഫ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. പി. വി. അൻവർ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. ബാബു

ശ്രീ. പി. സി. ജോർജ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. ബി. സത്യൻ

ശ്രീ. പി. ടി. തോമസ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXII, XXXV, XXXVI എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2018 മാർച്ച് 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.29-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

## Tenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, March 12, 2018*

**No. 112**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Four questions in the list of questions posted for the day were answered orally.

*Adjournment Motion* :

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Adoor Prakash and two other Members regarding the serious situation reported to have arisen due to the layoff of cashew factories under Cashew Development Corporation and CAPEX as well as private cashew factories which pushed the workers into poverty and hardship.

In protest against the attitude of the Government in this matter the Members belonging to the opposition except B.J.P. staged a walk out.

*Calling Attention* :

(1) Shri R. Ramachandran called the attention of the Minister for Finance and Coir to the necessity to implement a revival package for uplifting the Coir sector in the State. The Minister made a statement thereto.

(2) Shri Eldose P. Kunnapillil called the attention of the Minister for Labour and Excise to the necessity to ensure the overall well-being of migrant workers in the State. The Minister made a statement thereto.

KNPP. 807/2018 (ii).

*Matters raised under Rule 304*:

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ.രമേശ് ചെന്നിത്തല | സർവ്വീസ് പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കുമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 2 | ശ്രീ.കെ.ആൻസലൻ | നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ.കെ.സി.ജോസഫ് | ചീമേനിയിലെ നാലിലക്കണ്ടം ഗവ.യു.പി.സ്കൂളിലെ അദ്ധ്യാപകൻ രമേശന്റെ മരണം | മുഖ്യമന്ത്രി |
| 4 | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | നിയമവിദ്യാർത്ഥിനിയെ ഓട്ടോ ഡ്രൈവർ മർദ്ദിച്ചത് | മുഖ്യമന്ത്രി |
| 5 | ശ്രീ.സി.കെ.ഹരീന്ദ്രൻ | കള്ളിക്കാട്, അമ്പൂരി ഗ്രാമപഞ്ചായത്തുകളിലെ അഞ്ചുചങ്ങല പ്രദേശനിവാസികൾക്ക് പട്ടയ വിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ.ഇ.കെ.വിജയൻ | നാദാപുരം താലൂക്ക് ആശുപത്രിയുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 7 | ശ്രീ.എൻ.ഷംസുദ്ദീൻ | ആലനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ.ആർ.രാജേഷ് | കായംകുളം-പുനലൂർ റോഡിന്റെ വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ.മുരളി പെരുനെല്ലി | തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 10 | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരെ ടീച്ചിംഗ് ജോലിയിൽ നിന്ന് ഒഴിവാക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Paper Laid on the Table* :

The First Report of the Rules Committee was laid on the Table.

*Presentation of Reports :*

The Fourth and Fifth Reports of the Committee on the Welfare of Non-resident Keralites were presented.

*Financial Business :*

Discussion and Voting on Demands for Grants in the Budget for the financial year 2018-2019

DR. K. T. Jaleel, Minister for Local Self Government, Welfare of Minorities, Wakf and Hajj Pilgrimage moved Demand No. XXII-Urban Development, Demand No. XXXV-Panchayat and Demand No. XXXVI-Rural Development for the amounts shown against them under column No. 5 in the list of Demands for Grants.

The Minister for Finance and Coir laid on the table statements under Rule 236(3) with regard to these Demands.

The cut motion Nos.1, 2, 3, 9, 12, 13, 14, 15, 16 17, 19, 22, 23, 24, 25 and 28 in the list of cut motions for Demand No.XXII, the cut motion Nos. 1, 2, 5, 7, 8, 9, 10, 11, 12, 13, 15, 17, 18, 19, 20, 21, 22, 24 and 26 in the list of cut motions for Demand No.XXXV and cut motion Nos. 1, 2, 3, 4, 5, 6, 8, 11, 14, 15, 18, 19, 22, 24 and 25 in the list of cut motions for Demand No. XXXVI were moved.

The following Members took part in the discussion:

Smt. P. Aisha Potty

Shri K. C. Joseph

Smt. Geetha Gopi

Shri P. K. Abdu Rabb

Shri P. V. Anvar

DR. N. Jayaraj

Shri K. Babu

Shri P. C. George

Shri I. B. Satheesh

Shri A. P. Anil Kumar

Shri Chittayam Gopakumar

Shri K. N. A. Khader

Shri B. Satyan

Shri P. T. Thomas

DR. K. T. Jaleel, Minister for Local Self Government, Minority Welfare,Wakf and Hajj Pilgrimage and Shri Pinarayi Vijayan, Chief Minister replied to the points raised during the discussion. The cut motions were declared lost. Then the Demand No. XXII, XXXV and XXXVI were put to vote and passed.

The House adjourned at 3.29 p.m. to meet again 8.30 a.m. on Tuesday, March 13, 2018.

V. K. BABU PRAKASH,
*Secretary.*